B4.

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ് - രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്**

**സ.ഉ.(എം.എസ്)നം.289/2017/GAD തീയതി, തിരുവനന്തപുരം :31.08.2017**

---

പരാമർശം:-
1. കേന്ദ്രപ്രതിരോധ മന്ത്രാലയത്തിലെ വിമുക്തഭടക്ഷേമ വകുപ്പ് സെക്രട്ടറിയുടെ 03.03.2015 ലെ 8(1)/2011-D/Res.II നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. 23.11.2015 ലെ സ.ഉ(എം.എസ്)300/2015/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
3. 31.1.2017 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിന്റെ നടപടിക്കുറിപ്പ്.
4. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 7.03.17 ലെ B4-4321/2017/DSW നമ്പർ കത്ത്.

## ഉത്തരവ്

1. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിലെ വിമുക്തഭടക്ഷേമ വകുപ്പ് സെക്രട്ടറി, സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർക്കയച്ച ഒന്നാം പരാമർശം പ്രകാരമുള്ള അർദ്ധഔദ്യോഗിക കത്തിൽ, പ്രതിരോധവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, പ്രതിരോധ മന്ത്രാലയത്തിലെ പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യവെ, രാജ്യം, ലോകമഹായുദ്ധത്തിൽ പങ്കെടുത്ത സേനാനികളുടെ ത്യാഗം മറക്കാൻ പാടില്ല എന്നും, അവർക്ക് ഇപ്പോൾ നൽകി വരുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ് എന്നും ; നിരീക്ഷിക്കുകയുണ്ടായി എന്നും, പ്രസ്തുത സേനാനികളിൽ ഇപ്പോൾ രാജ്യത്ത്, ജീവിച്ചിരിക്കുന്നവരുടെ എണ്ണം കുറവായതിനാൽ, സംസ്ഥാനങ്ങളും യൂണിയൻ ടെറിട്ടറികളും, പ്രസ്തുത സേനാനികൾക്ക് 6,000/- രൂപയ്ക്കും 10,000/- രൂപയ്ക്കും ഇടയിലുള്ള ധനസഹായം മാസംതോറും നൽകണമെന്നറിയിച്ച എന്നും ചൂണ്ടിക്കാട്ടുകയും, പ്രസ്തുത

സാഹചര്യത്തിൽ, ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് പ്രസ്തുത സേനാനികൾക്കും, വിധവകൾക്കും നൽകി വരുന്ന പ്രതിമാസ ധനസഹായം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം, യഥാക്രമം 2,500/-രൂപയിൽ നിന്നും 4,000/- രൂപയായും, 750/- രൂപയിൽ നിന്നും 2,500/- രൂപയായും, രണ്ടാം പരാമർശം പ്രകാരം, വർദ്ധിപ്പിച്ച്, ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, 31.01.2017 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിൽ, രണ്ടാം അഡീഷണൽ അജണ്ടാ ഇനം പരിഗണിക്കവെ, രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം, വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന്, മൂന്നാം പരാമർശം പ്രകാരം, തീരുമാനിക്കുകയുണ്ടായി.

4. സൈനികക്ഷേമ വകുപ്പ് ഡയറക്ടർ, ഇക്കാര്യം സംബന്ധിച്ച്, നാലാം പരാമർശം പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഒന്നാം പരാമർശത്തിലെ അഭ്യർത്ഥന പ്രകാരം, ഇപ്പോൾ നൽകി വരുന്ന പ്രതിമാസ ധനസഹായം, ഉചിതമായ രീതിയിൽ, ഏകീകൃതമായി, വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

6. ഈ സാഹചര്യത്തിൽ, രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും , പ്രതിമാസം, യഥാക്രമം നൽകി വരുന്ന 4,000/- രൂപയും, 2,500/- രൂപയും, **6,000/-** രൂപയായി, ഏകീകൃതമായി, വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

7. പുതുക്കിയ നിരക്കിന്, ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

8. ഈ ഇനത്തിലുള്ള ചിലവ്, **2235-60-200-82** എന്ന ശീർഷകത്തിൽ നിന്നു വഹിക്കുന്നതാണ്. നടപ്പ സാമ്പത്തിക വർഷം, പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നതിന് അധിക തുക ആവശ്യമായി വരുന്ന പക്ഷം, സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ, യഥാസമയം സർക്കാരിലേയ്ക്ക് നിർദ്ദേശം സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

പകർപ്പ്-

1. പ്രതിരോധ മന്ത്രാലയത്തിലെ വിമുക്തഭടക്ഷേമ വകുപ്പ് സെക്രട്ടറി, ഭാരത സർക്കാർ
2. മേജർ ജനറൽ എസ്.കെ.നിജ്ജാർ
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ(A & E), തിരുവനന്തപുരം
6. സ്റ്റേഷൻ കമാൻഡർ, മിലിട്ടറി സ്റ്റേഷൻ ഹെഡ്കോർട്ടേഴ്സ്, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം.
7. കേണൽ.വർഗ്ഗീസ്, IT HQ, കേരള & കർണ്ണാടക സബ് ഏരിയ
8. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
9. പൊതുഭരണ (എസ്.സി) വകുപ്പിന്
10. ധനകാര്യ വകുപ്പിന്
11. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
12. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ